**വളരെ അത്യാവശ്യം**

"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

**(കേരള സംസ്ഥാനം)**

നമ്പർ : ഇ5/28214/15

KSHB Building, ശാന്തി നഗർ,
തിരുവനന്തപുരം-1,
തീയതി : 19.09.2015.

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - 'മെയിന്റനൻസ് ഫീ' ഫണ്ടിന്റെ വിശദാംശം ലഭ്യമാക്കുന്നത് - സംബന്ധിച്ച്:-

താങ്കളുടെ സ്ഥാപനത്തിൽ പ്രവേശനം നല്കിയ ട്രെയിനികളിൽ നിന്നും 'മെയിന്റനൻസ് ഫീ' ഇനത്തിൽ ശേഖരിച്ച തുകകൾ ഇപ്പോഴും സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് ഉപയോഗിക്കാതെ പ്രിൻസിപ്പാൾമാരുടെ പി.ഡി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ 8/2012-ന് ശേഷം പ്രവേശനം നൽകിയ ഒരു വർഷ ട്രെയിനികളുടെയും 8/2011-ന് ശേഷം പ്രവേശനം നൽകിയ രണ്ടു വർഷ ട്രെയിനികളുടെയും 8/2010-ൽ പ്രവേശനം നൽകിയ മൂന്നുവർഷ ട്രെയിനികളുടെയും ഒഴികെയുള്ള മെയിന്റനൻസ് ഫണ്ട് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ പി.ഡി അക്കൗണ്ടിൽ നിന്നും പിൻവലിച്ച് അടിയന്തിരമായി സർക്കാരിന്റെ 0230-00-800-80-maintenance fee collected from trainees in ITIs എന്ന ശീർഷകത്തിൽ ഒടുക്കി ചെല്ലാന്റെ പകർപ്പുകൾ സഹിതം താഴെപ്പറയുന്ന പട്ടികയിൽ ഉൾപ്പെടുത്തി 30.09.2015-ന് മുമ്പ് ഡയറക്ടറേറ്റിൽ അയച്ചുതരേണ്ടതാണ്. മറുപടി യഥാസമയം അയയ്ക്കാത്ത പ്രിൻസിപ്പാൾ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്കെതിരെ കർശന ശിക്ഷണനടപടി സ്വീകരിക്കുന്നതാണെന്നുള്ള വിവരവും ഇതിനാൽ അറിയിക്കുന്നു.

ഐ.ടി.ഐ യുടെ പേര്

പട്ടിക

| ക്രമ നമ്പർ | 30.09.2015 വരെ മെയിന്റനൻസ് ഫീ ശീർഷകത്തിൽ ലഭിച്ച ആകെ തുക (ട്രഷറിയിൽ ഒടുക്കുകയും വിവിധ ആവശ്യങ്ങൾക്ക് പിൻവലിച്ചതിനു ശേഷവും ഉള്ള ആകെ തുക) | 31/8/15 നു ട്രഷറിയിൽ ഒടുക്കിയ ആകെ തുക | നീക്കിയിരിപ്പു തുക | എന്നുവരെ റിക്കൺസിലിയേഷൻ നടത്തിയെന്ന വിവരം. |
|---|---|---|---|---|
| | | | | |

താങ്കളുടെ സ്ഥാപനത്തിൽ കണ്ടംനേഷനുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉപകരണങ്ങളുടെ അനുമതി ഇനിയും ലഭിച്ചിട്ടില്ലായെങ്കിൽ ആയതിന്റെ ഒരുപകർപ്പ് സഹിതം ശുപാർശ അയച്ചു തരേണ്ടതാണ്. നിലവിൽ 2500/- രൂപ വരെ പുസ്തക വിലയുള്ള ഉപകരണങ്ങൾ കണ്ടം ചെയ്യുവാൻ പ്രിൻസിപ്പാളിനും, 1500/- രൂപ വരെ പുസ്തക വിലയുള്ള ഉപകരണങ്ങൾ കണ്ടം ചെയ്യുവാൻ ബന്ധപ്പെട്ട ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗിനും അധികാരമുണ്ട്. ഇത്തരത്തിൽ വരുന്ന തുകയ്ക്കുള്ള പ്രപ്പോസലുകൾ യാതൊരു കാരണവശാലും ഡയറക്ടറേറ്റിൽ അയച്ച് കാലതാമസം വരുത്താതിരിക്കുവാൻ പ്രിൻസിപ്പാൾമാർ ശ്രദ്ധിക്കേണ്ടതാണ്. ഡയറക്ടറേറ്റിൽ കണ്ടംനേഷനുമായി ശുപാർശ അയയ്ക്കുമ്പോൾ കെ.എഫ്.സി ഫോം നമ്പർ 21-ൽ നിർബന്ധമായും എല്ലാ കോളകളും പൂരിപ്പിക്കുകയും ടി ഉപ്കരണം/ഐറ്റം റിപ്പയർ ചെയ്യുന്നത് സർക്കാരിന് ലാഭകരമല്ലായെന്ന ഡിക്ലറേഷനോ അല്ലായെങ്കിൽ ടി ഐറ്റം നിരന്തരം ഉപയോഗിച്ചതു കാരണം ഉപയോഗ ശൂന്യമായി എന്ന ഡിക്ലറേഷനോ പ്രിൻസിപ്പാൾ നിർബന്ധമായും സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഓരോ ട്രേഡുകൾക്കും പ്രത്യേകം പ്രത്യേകം ശുപാർശ അയയ്ക്കേണ്ടതാണ്. അല്ലാത്തശുപാർശകൾ യാതൊരു കാരണവശാലും പരുഗണിക്കുന്നതല്ല.

31.08.2015 വരെ താങ്കളുടെ സ്ഥാപനത്തിലെ ഏതെങ്കിലും ഉപകരണങ്ങൾ ഉപയോഗശൂന്യമായി പ്രഖ്യാപിച്ച് ലേലം നടത്തിയിട്ടുണ്ടെങ്കിൽ ടി ഉപകരണങ്ങൾ ഡി.ജി.ഇ.റ്റി, ന്യൂഡൽഹിയുടെ പുതിയ സിലബസ് പ്രകാരം ആവശ്യമുള്ള പക്ഷം ടി

ഐറ്റം സംഭരിക്കുന്നതിനായി മുകളിൽ പ്രതിപാദിച്ചിരിക്കുന്ന വർഷങ്ങളിലെ തുക ട്രഷറിയിൽ ഒടുക്കി ചെല്ലാന്റെ പകർപ്പും സഹിതം ആവശ്യമായ പ്രപ്പോസൽ 30.09.2015 –ന് മുമ്പ് ഡയറക്ടറേറ്റിൽ അയച്ചുതരികയോ അല്ലായെങ്കിൽ പ്രത്യേക ദൂതൻ മുഖാന്തിരം ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.

നിശ്ചിത സമയത്തിനുള്ളിൽ ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കാത്ത പ്രിൻസിപ്പാൾമാർക്കെതിരെ ഇനിയൊരു അറിയിപ്പുകൂടാതെ കർശന നടപടികൾ സ്വീകരിക്കുവാൻ നിർബന്ധിതമായിരിക്കും എന്ന വസ്തുത ഒരുക്കൽ കൂടി തെര്യപ്പെടുത്തുന്നു.

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി
അഡീഷണൽ ഡയറക്ടർ

സ്വീകർത്താവ്

1. എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
2. എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്കും